"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് - ജീവനക്കാര്യം - കൊല്ലം ആസ്ഥാന ഓഫീസിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. മനോജ് എസ്.-നെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.**222/2026/LBR** തീയതി,തിരുവനന്തപുരം, **18-02-2026**

---

പരാമർശം:- **1. 10/05/2013**-ലെ **42/2013**/ധന നമ്പർ സർക്കുലർ.

**2. 24/01/2020**-ലെ സ.ഉ.(കൈ) നമ്പർ **6/2020**/തൊഴിൽ.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പരാമർശം **(2)** പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനമനുഷ്ഠിച്ച് വന്നിരുന്ന ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. അജിത് മോഹൻ ജി.-യ്ക്ക് ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിക്കുന്നതിനാൽ ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. മനോജ് എസ്. (പെൻ-**103824**)-നെ, കെ.എസ്.ആർ ഭാഗം **I**, ചട്ടം **140** (സി) - ലെ വ്യവസ്ഥകൾക്കും പരാമർശ സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കൊല്ലം ആസ്ഥാന ഓഫീസിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2)** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം മാത്രമേ ശ്രീ. മനോജ് എസ്.-നെ മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്യുവാൻ പാടുള്ളൂ. കെ.എസ്.ആർ. ഭാഗം **I**, ചട്ടം **144** പ്രകാരമുള്ള ടിയാളുടെ സ്റ്റേറ്റ്മെന്റ് മാതൃവകുപ്പ് നേരിട്ട് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരത്തിന് യഥാവിധി പൂരിപ്പിച്ചു നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമ്യാ കുമാരി എൽ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം.

ധനകാര്യ (ഭരണം-എ) വകുപ്പ് (20/01/2026-ലെ 1439548/ഭരണം-എ2/43/2020-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
ശ്രീ. മനോജ് എസ്., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ് [ധനകാര്യ (ഭരണം - എ) വകുപ്പ് മുഖേന]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് (16.02.2026-ലെ SPL-E2/32/2026-GAD നമ്പർ ഫയൽ പ്രകാരം).
ഡയറക്ടർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash R P
Date: 18-02-2026 13:20:08
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്